പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4041 21.10.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ സിവിൽ വർക്കുകളുടെ റേറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. 5/2013 മുതൽ എന്തെല്ലാം സിവിൽ വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ; | (എ) | 2013 മേയ് മാസം മുതൽ ഇതുവരെ കെ.എസ്.ആർ.ടി.സിയുടെ ~~വിവിധ~~ ഡിപ്പോകളിലുള്ള ഗ്യരേജിന്റെയും വർക്ക് ഷോപ്പുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളും അതിനോടനുബന്ധിച്ചുള്ള അറ്റകുറ്റപ്പണികളും നിർവഹിച്ചിട്ടുണ്ട്. കൂടാതെ MLA, MP ഫണ്ട് ഉപയോഗിച്ച് പുതിയ ബസ് സ്റ്റേഷന്റേയും യാത്രക്കാർക്കുള്ള വിശ്രമസങ്കേതത്തിന്റെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തികരിച്ചിട്ടുണ്ട്. ഇതു കൂടാതെ പലിശ രഹിത നിക്ഷേപം സ്വീകരിച്ച് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണവും നടത്തിവരുന്നു. |
| (ബി) | സാധാരണയായി നിലവിലുള്ള ഗവൺമെന്റ് റേറ്റിനെക്കാളും കുറച്ചിട്ടാണോ ഈ വർക്കുകൾക്ക് റേറ്റ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | നിലവിലുള്ള ഗവൺമെന്റ് നിരക്കിൽ നിന്നും കുറഞ്ഞതുകയ്ക്കാണ് 70% പ്രവൃത്തികളും നൽകി വരുന്നത്. 20% പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലും ബാക്കിയുള്ളവ കൂടുതൽ നിരക്കിലും രേഖപ്പെടുത്തിയാണ് നടത്തിവരുന്നത്. |
| (സി) | ഗവൺമെന്റ് റേറ്റിനെക്കാളും കുറഞ്ഞ റേറ്റിൽ സിവിൽ വർക്കുകൾ നടത്തിയതിൽ കെ.എസ്.ആർ.ടി.സി യ്ക്ക് എത്ര തുക ലഭിക്കാനായി എന്നറിയിക്കാമോ; | (സി) യും (ഡി) യും | ഗവൺമെന്റ് നിരക്കിൽ നിന്നും കുറഞ്ഞ റേറ്റിൽ ഈ കാലയളവിൽ സിവിൽ വർക്കുകൾ ചെയ്തതിൽ ഏകദേശം 5 കോടി രൂപ ലാഭിക്കാനായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലാഭം ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും തുക നഷ്ടമായിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ ആരെല്ലാമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ